LIBRARY ARCHIVES Kerala Legislative Assembly

**ബഡ്ജറ്റിൽ പൊതുമരാമത്ത് വകുപ്പിന് വകയിരുത്തിയ തുക**

306 (1350) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 സാമ്പത്തികവർഷത്തെ ബജറ്റിൽ പൊതുമരാമത്ത് വകുപ്പിന് എന്ത് തുകയാണ് വകയിരുത്തിയിരുന്നത് ; വകയിരുത്തിയ തുക മുഴുവൻ വകുപ്പിന് അനുവദിച്ച് കിട്ടിയിട്ടുണ്ടോ ;

(ബി) ഇതിൽ എന്ത് തുകയാണ് ഇതിനകം ചെലവഴിക്കാനായത് ; ഫണ്ട് പൂർണ്ണമായും ചെലവഴിക്കാനാകാത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഏതെങ്കിലും പ്രവൃത്തികൾ മരാമത്ത് വകുപ്പിൽ നടപ്പാക്കാൻ കഴിയാതെ വന്നിട്ടുണ്ടോ ; എങ്കിൽ കാരണം വിശദമാക്കുമോ ?

ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ പൊതുമരാമത്ത് വകുപ്പിന് 1140.02 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. വകയിരുത്തിയ മുഴുവൻ തുകയും അനുവദിച്ച കിട്ടിയിട്ടുണ്ട്.

(ബി) 1449.29 കോടി രൂപ ഇതിനകം ചെലവായിട്ടുണ്ട്.

(സി) ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളിൽ ഭരണാനുമതി നൽകിയിട്ടില്ലാത്ത പ്രവൃത്തികൾ നടപ്പിലാക്കിയിട്ടില്ല. അവയ്ക്ക് ഭരണാനുമതി നൽകാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കാരപറമ്പ്-ആറളം-കാക്കയങ്ങാട്-മണത്തണ ഹിൽ ഹൈവേ റോഡ്**

307 (1351) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലയോര ഹൈവേ പദ്ധതിയിൽപ്പെടുത്തി 22 1/2 കോടി രൂപയുടെ ഭരണാനുമതി നൽകിയ കാരപറമ്പ്-ആറളം-കാക്കയങ്ങാട്-മണത്തണ ഹിൽ ഹൈവേ റോഡിന്റെ നവീകരണ പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) ഇല്ലെങ്കിൽ റോഡ് പ്രവൃത്തി ഉദ്ഘാടനം ചെയ്തതിനുശേഷം പ്രവൃത്തി ആരംഭിക്കാതിരിക്കാനുള്ള കാരണങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പ്രവൃത്തി എത്രയും വേഗത്തിൽ പൂർത്തീകരിക്കാൻ എന്ത് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ ?